**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5401** **03-11-2021 - ൽ മറുപടിയ്ക്ക്**

**ലൈറ്റ് മെട്രോ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി ഒ എസ് അംബിക | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി ലൈറ്റ് മെട്രോ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പദ്ധതി നടപ്പാക്കുന്നതിന് ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ടോ; പദ്ധതിക്കാവശ്യമായ തുകയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | തലസ്ഥാന മെട്രോയുടേയും, കോഴിക്കോട് മെട്രോയുടേയും ലൈറ്റ് മെട്രോ പദ്ധതികളുടെ വിശദമായ പഠനരേഖ (ഡി.പി.ആർ) 2017-ൽ പ്രഖ്യാപിച്ച കേന്ദ്ര മെട്രോ നയത്തിന് അനുസൃതമായി ആവശ്യമായ മാറ്റങ്ങളോടെ DMRC പുതുക്കി സമർപ്പിച്ചിരുന്നു. 2021 ഫെബ്രുവരിയിൽ പ്രസ്തുത ഡി.പി.ആർ അംഗീകരിച്ചു കൊണ്ട് സംസ്ഥാന സർക്കാർ പദ്ധതിയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകി. തുടർന്ന് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി പ്രസ്തുത ഡി.പി.ആർ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള കേരളാ റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) എന്ന സ്ഥാപനം കേന്ദ്ര ഭവന നഗര കാര്യ മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നു. തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ viability വർദ്ധിപ്പിക്കുന്നതിനായി നിലവിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സഞ്ചാരപഥത്തിൽ നിന്ന് ടെക്നോപാർക്ക് ഭാഗത്തേക്ക് മെട്രോ പാത ദീർഘിപ്പിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം പൂർത്തിയായിട്ടുണ്ട്. ഇതിനുള്ള വിശദ പദ്ധതിരേഖ (ഡി.പി.ആർ) തയ്യാറാക്കാനുള്ള നടപടികൾ KRTL ആരംഭിച്ചിരുന്നു. മെട്രോ പദ്ധതികളുടെ കാര്യക്ഷമവും സുഗമവുമായ ഏകോപനത്തിനും നടത്തിപ്പിനും ഒരു സംസ്ഥാനത്തിന് ഒരു Special Purpose Vehicle (SPV) ആയിരിക്കും അഭികാമ്യം എന്ന കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ ശിപാർശ പരിഗണിച്ചും കേന്ദ്രസർക്കാരിന്റെ പുതുക്കിയ മെട്രോ നയങ്ങൾക്ക് അനുസൃതമായും നിലവിലെ അലൈൻമെന്റിൽ കിഴക്കേകോട്ടയെ ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിയ ഡി.പി.ആർ തയ്യാറാക്കുവാനും തിരുവനന്തപുരം ലൈറ്റ് മെട്രോ |

| | | | |
|---|---|---|---|
| | | | പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസിയായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ (KMRL) നിശ്ചയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി KMRL-ന്റെ നേതൃത്വത്തിൽ സൈറ്റ് വിസിറ്റ് നടത്തി പുതുക്കിയ സഞ്ചാരപഥം സംബന്ധിച്ച പഠനം നടത്തി വരികയാണ്. തിരുവനന്തപുരം ലൈറ്റ് മെട്രോയ്ക്ക് 4673 കോടി രൂപയും, കോഴിക്കോട് ലൈറ്റ് മെട്രോയ്ക്ക് 2773 കോടി രൂപയും 12.02.2021-ലെ സ.ഉ(കൈ)നം.11/2021/PWD നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട് പദ്ധതിയുടെ വിശദാംശങ്ങൾ തിരുവനന്തപുരം ആകെ നീളം - 21.81 കി.മീ സഞ്ചാരപഥം - കരമന മുതൽ ടെക്നോസിറ്റി വരെ എസ്റ്റിമേറ്റ് തുക – 4673 കോടി രൂപ സ്റ്റേഷനുകൾ - 19 എണ്ണം കോഴിക്കോട് ആകെ നീളം - 13.3 കി.മീ സഞ്ചാരപഥം - മെഡിക്കൽകോളേജ് മുതൽ മീഞ്ചന്ത വരെ എസ്റ്റിമേറ്റ് തുക – 2773 കോടി രൂപ സ്റ്റേഷനുകൾ - 14 എണ്ണം. |
| (ബി) | സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ മെട്രോ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ; ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (ബി) | ലൈറ്റ് മെട്രോ പദ്ധതികൾക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടില്ല. പദ്ധതി അടങ്കൽ തുകയുടെ 20% (സ്ഥലമെടുപ്പിനുള്ള തുക ഒഴികെ) കേന്ദ്രസർക്കാർ ലഭ്യമാക്കും എന്നാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകുകയും തുടർന്ന് കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച നടപടികൾ ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിന് കേന്ദ്രനഗരകാര്യ വകുപ്പ് മന്ത്രിയുമായി മുഖ്യമന്ത്രി കൂടിക്കാഴ്ച നടത്തിയിരുന്നു. |
| (സി) | തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ ഡി.പി.ആർ. അംഗീകരിച്ചിട്ടുണ്ടോ; തിരുവനന്തപുരത്ത് ടെക്നോപാർക്കിനെ ലൈറ്റ് മെട്രോയുമായി ബന്ധിപ്പിക്കുന്നത് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ഉണ്ട്. നിലവിൽ ടെക്നോപാർക്ക് ഭാഗം മെട്രോ അലൈൻമെന്റിൽ ഉൾപ്പെട്ടിട്ടില്ല. കഴക്കൂട്ടത്ത് നിന്ന് ബൈപാസ് വഴി ടെക്നോപാർക്ക് ഭാഗത്തേക്ക് ലൈറ്റ് മെട്രോ നീട്ടുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ട്. ഇതിനുള്ള ഡി.പി.ആർ തയ്യാറാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ എയർപോർട്ടും, കിഴക്കേകോട്ടയും ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിയ ഡി.പി.ആർ തയ്യാറാക്കുവാനും തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസിയായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ (KMRL) നിശ്ചയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ